ഗുരുമാർഗം



ജനിക്കുക, ഉണ്ടായിരിക്കുക, വർദ്ധിക്കുക, പരിണമിക്കുക, ക്ഷയിക്കുക, നശിക്കുക എന്നിങ്ങനെ ജഡത്തിന് സംഭവിക്കുന്ന ആറുതരം മാറ്റങ്ങളും സത്യസ്വരൂപമായ ബോധത്തിന് ഒരിക്കലും സംഭവിക്കുന്നില്ല.

ഒരു ജാതി ഒരു മതം ഒരു ദൈവം

ആയില്യം 43 - 51
അമാവാസി 22 - 33
1940 ശ്രാവണം 20
1439 ദുൽ ക അദ് 28
1193 കർക്കടകം 26

ജനങ്ങൾ ഒന്നടങ്കം മുന്നിട്ടിറങ്ങണം

അഭൂതപൂർവമായ പേമാരിയിലും വെള്ളപ്പൊക്കത്തിലും ഉരുൾപൊട്ടലുകളിലും സംസ്ഥാനത്തിന്റെ വലിയൊരു പ്രദേശം ചലനമറ്റുനിൽക്കുന്ന അതീവ ഭീതിജനകമായ സ്ഥിതിയാണുണ്ടായിരിക്കുന്നത്. ആശങ്കയ്ക്ക് കാരണമില്ലെന്ന് അധികൃതകേന്ദ്രങ്ങൾ ആശ്വസിപ്പിക്കുമ്പോഴും ദുരന്തം നാശം വിതച്ച മേഖലകളിലുള്ള ജനങ്ങൾ പറഞ്ഞറിയിക്കാനാകാത്ത കെടുതികൾ നേരിടേണ്ടിവന്നിരിക്കുകയാണ്. വെള്ളപ്പൊക്കത്തിലും ഉരുൾപൊട്ടലിലും യാത്രാമാർഗങ്ങൾ അടഞ്ഞതുകാരണം നൂറുകണക്കിന് കുടുംബങ്ങൾ ഒറ്റപ്പെട്ട നിലയിലാണ്. രക്ഷാപ്രവർത്തനങ്ങൾക്ക് സംസ്ഥാനത്തെ വിവിധ സേനകൾക്കുപുറമെ ദുരന്തനിവാരണ സേനയും സൈനിക വിഭാഗങ്ങളും രംഗത്തുണ്ടെന്നുള്ളത് വലിയ തോതിൽ ആശ്വാസം നൽകുന്നുണ്ട്. എന്നാൽ ഇവർ വിശ്രമലേശമെന്യേ പ്രവർത്തിച്ചിട്ടും എല്ലായിടത്തും ഓടിയെത്താൻ കഴിയാത്ത വിധം ദുരന്തം അതിവിപുലമായ തോതിലാണ്. സ്വജീവനുള്ള ഭീഷണിപോലും വകവയ്ക്കാതെയാണ് സേവനമനോഭാവമുള്ള നാട്ടുകാർ സേനാംഗങ്ങൾക്കൊപ്പം രക്ഷാപ്രവർത്തനങ്ങളിൽ പങ്കുചേരുന്നത്. എത്ര വാഴ്ത്തിയാലും മതിയാകില്ല ഇവരുടെ സേവന മനോഭാവം.

സംസ്ഥാന രൂപീകരണത്തിനുശേഷം നേരിടേണ്ടിവന്നിട്ടുള്ളതിൽ വച്ചേറ്റവും വലിയ പ്രകൃതി ദുരന്തമാണ് ഇപ്പോഴത്തേത്. അസാധാരണമായ സംയമനവും ക്ഷമയും എല്ലാ തലങ്ങളിൽനിന്നുമുള്ള സഹായവും കൊണ്ടുമാത്രമേ ഈ പ്രതിസന്ധിഘട്ടത്തിൽ നിന്ന് കരകയറാനാകൂ. ഇതിനുള്ള യത്നങ്ങളിൽ സർക്കാരിന്റെ ഉദ്യമങ്ങളുമായി വലിപ്പച്ചെറുപ്പമില്ലാതെ ജനങ്ങൾ സർവാത്മനാ സഹകരിക്കണം

കനത്ത പേമാരി അണക്കെട്ടുകൾക്ക് സൃഷ്ടിക്കാവുന്ന സമ്മർദ്ദം കാലേക്കൂട്ടി കണ്ടറിഞ്ഞ് ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കാൻ സർക്കാരും ജില്ലാ ഭരണകൂടങ്ങളും പരമാവധി നടപടികൾ സ്വീകരിച്ചത് അപകടങ്ങൾ കുറയ്ക്കാൻ സഹായകമായി. ഇടുക്കി, മലപ്പുറം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിലായി മൂന്നുദിവസത്തിനിടെ ഉരുൾപൊട്ടലുകളിലും വെള്ളപ്പൊക്കത്തിലും 26 പേർക്ക് ജീവഹാനി സംഭവിച്ചത് ദുഃഖകരമാണ്. അപ്രതീക്ഷിതമായുണ്ടായ ദുരന്തങ്ങളിലാണ് ഇവർക്ക് ജീവൻ നഷ്ടമായത്. മലപ്പുറത്തും ഇടുക്കിയിലും രണ്ട് കുടുംബങ്ങൾ അപ്പാടെ ഉരുൾപൊട്ടലിൽ നാമാവശേഷമായത് വലിയ ദുരന്തം തന്നെയാണ്. അപകടാവസ്ഥ മനസിലാക്കി സുരക്ഷിതസ്ഥാനങ്ങൾ തേടിയവർക്ക് ആശ്വസിക്കാമെങ്കിലും പല കാരണങ്ങളാൽ സ്വന്തം ഇടംവിട്ട് പോകാൻ മടിക്കുന്നവർക്കാണ് എപ്പോഴും ആപത്തുകൾ നേരിടുന്നത്. മലമുകളിലും മലഞ്ചരിവുകളിലും മറ്റും കുരവച്ച് താമസിക്കുന്നവരെ സംബന്ധിച്ചിടത്തോളം ഓരോ മഴക്കാലവും പേടിപ്പെടുത്തുന്ന ഓർമ്മകൾ അവശേഷിപ്പിച്ചുകൊണ്ടാണ് കടന്നുപോകുന്നത്. ആർത്തിപൂണ്ട മനുഷ്യർ വെട്ടിപ്പിടിച്ച ഇടുക്കിയിൽ മാത്രം കഴിഞ്ഞദിവസം ഉരുൾപൊട്ടലുകളിൽ പതിനൊന്നു പേരാണ് ഭൂമുഖത്തുനിന്ന് തുടച്ചുനീക്കപ്പെട്ടത്. കൂടുതൽ ഉരുൾപൊട്ടാനുള്ള സാദ്ധ്യത നിലനിൽക്കുന്ന നിരവധി മലകളും അവിടെ ഉണ്ട്.

അതിവൃഷ്ടിയിൽ സംഭരണശേഷിയും കവിയുമെന്നായതോടെ തുറന്നുവിടേണ്ടിവന്ന ഇടുക്കി അണക്കെട്ടിനെ കവിഞ്ഞ ഭീതിയോടെ നോക്കിക്കാണേണ്ട സ്ഥിതിയാണുള്ളത്. വ്യാഴാഴ്ച പരീക്ഷണാർത്ഥം തുറന്ന ഒരുഷട്ടറിനു പുറമേ എല്ലാ ഷട്ടറുകളും തുറക്കേണ്ട സാഹചര്യം സൃഷ്ടിച്ച് അതിവൃഷ്ടി തുടരുകയാണ്. നേരത്തെ തുറന്നുവിട്ടുകൊണ്ടിരുന്നതിനെക്കാൾ അധികം വെള്ളം അണക്കെട്ടിൽ നിറയുന്നുണ്ട്. ഈ സാഹചര്യത്താൽ ഷട്ടറുകളെല്ലാം ഉയർത്തിയതുമൂലം പെരിയാറിന്റെ ഇരുകരകളിലും കൂടുതൽ വെള്ളം പൊങ്ങാൻ കാരണമായിട്ടുണ്ട്. ഇതല്ലാതെ വേറെ വഴിയില്ലാത്തതിനാൽ ദുരിതം സഹിക്കുകയേ ജനങ്ങൾക്ക് നിർവാഹമുള്ളൂ. ദുരന്തനിവാരണ ഉദ്യോഗസ്ഥന്മാരുടെ നിർദ്ദേശങ്ങൾ പൂർണമായി പാലിക്കാൻ ജനങ്ങൾ തയ്യാറായാൽ അപകടങ്ങൾ പരമാവധി ഒഴിവാക്കാനാകും. മഴ തുടരുമെന്നാണ് കാലാവസ്ഥാ പ്രവചനം. അതിനർത്ഥം വെള്ളപ്പൊക്കവും അതിനൊപ്പമുള്ള ദുരിതങ്ങളും ഒഴിവാകാൻ കൂടുതൽ ദിവസം കാത്തിരിക്കേണ്ടിവരുമെന്നാണ്.

ദുരിതബാധിത ജില്ലകളിൽ അനേകം ക്യാമ്പുകളിലായി നൂറുകണക്കിന് കുടുംബങ്ങൾ കഴിയുന്നുണ്ട്. ക്യാമ്പുകളിൽ ആവശ്യമായത്ര സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിൽ വീഴ്ച കാണിക്കരുത്. ചികിത്സാസൗകര്യവും ഏർപ്പെടുത്തണം. ദുരന്തത്തിൽ വീടുകൾക്കും വസ്തുവകകൾക്കും കൃഷിക്കും ഉണ്ടായ നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തേണ്ടതുണ്ട്. ഏറെ സമയമെടുക്കുന്ന പ്രക്രിയയാണത്. ഓരോ സ്ഥലത്തെയും പൊതു പ്രവർത്തകർ രാഷ്ട്രീയ ഭേദമെന്യേ ഉദ്യോഗസ്ഥന്മാരുമായി സഹകരിച്ച് ഈ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ മുന്നോട്ടുവരണം. ദുരിതമനുഭവിക്കുന്ന മനുഷ്യരുടെ കണ്ണീരൊപ്പുന്നതിനെക്കാൾ പവിത്രമായ രാഷ്ട്രീയമൊന്നുമില്ലെന്ന് മനസിലാക്കണം. അതീവ ഗുരുതരസാഹചര്യം കണക്കിലെടുത്ത് മറ്റു പരിപാടികൾ എല്ലാം റദ്ദാക്കി ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഏകോപനം മുഖ്യമന്ത്രി പിണറായി വിജയൻ നേരിട്ടേറ്റെടുത്തിരിക്കുകയാണ്.

പ്രകൃതിദുരന്തം തളർത്തിയ കേരളത്തിന് സാദ്ധ്യമായ എല്ലാ സഹായവും നൽകുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി വ്യാഴാഴ്ച ഉറപ്പ് നൽകിയിരുന്നു. ഉറപ്പ് പാലിക്കാൻ അടിയന്തര നടപടി ഉണ്ടാകണം. ദുരിതബാധിതരെ സഹായിക്കാനായി കർണാടക സർക്കാർ പത്തുകോടി രൂപയും തമിഴ്നാട് സർക്കാർ അഞ്ചു കോടി രൂപയും പ്രഖ്യാപിച്ചിട്ടുണ്ട്. അയൽക്കാരുടെ സന്മനോഭാവത്തിന് നന്ദി പറയുന്നതിനൊപ്പം സംസ്ഥാനത്തിനകത്തും പുറത്തുമുള്ള മലയാളികളും സന്ദർഭത്തിനൊത്ത് ഉയർന്ന് ദുരിതബാധിതരെ സഹായിക്കാൻ മുന്നോട്ടുവരണം. സംഘടനകളും സ്ഥാപനങ്ങളും ഫണ്ട് സ്വരൂപിച്ച് കൈമാറുന്നതിനെക്കാൾ നല്ലത് സർക്കാർ തന്നെ ദുരിതാശ്വാസ നിധി രൂപീകരിച്ച് സംഭാവനകൾ സ്വീകരിക്കുന്നതാണ്. കേന്ദ്രത്തിൽ നിന്നുപരമാവധി സഹായം ലഭ്യമാക്കാനുള്ള ശ്രമവും ഊർജ്ജിതപ്പെടുത്തണം. സംസ്ഥാനം നേരിടുന്ന പ്രളയ ദുരന്തം സംസ്ഥാനത്തെ എം.പിമാർ ഇന്നലെ പാർലമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ദുരിതാശ്വാസ സഹായം എത്രയും വേഗം ലഭ്യമാക്കുന്നതിനും ജനപ്രതിനിധികൾ മുന്നിട്ടിറങ്ങണം.

ദുരന്തമുഖത്താണ് മനുഷ്യർ അഹങ്കാരവും ഗർവും തൻപോരിമയുമെല്ലാം വെടിഞ്ഞ് ഒന്നാകാറുള്ളത്. സംസ്ഥാന രൂപീകരണത്തിനുശേഷം നേരിടേണ്ടിവന്നിട്ടുള്ളതിൽ വച്ചേറ്റവും വലിയ പ്രകൃതി ദുരന്തമാണ് ഇപ്പോഴത്തേത്. അസാധാരണമായ സംയമനവും ക്ഷമയും എല്ലാ തലങ്ങളിൽനിന്നുമുള്ള സഹായവും കൊണ്ടുമാത്രമേ ഈ പ്രതിസന്ധിഘട്ടത്തിൽ നിന്ന് കരകയറാനാകൂ. ഇതിനുള്ള യത്നങ്ങളിൽ സർക്കാരിന്റെ ഉദ്യമങ്ങളുമായി വലിപ്പച്ചെറുപ്പമില്ലാതെ ജനങ്ങൾ സർവാത്മനാ സഹകരിക്കണം.

പിതൃസ്മൃതിക്കായുള്ള തർപ്പണം



ഫോട്ടോ : ജയചന്ദ്രൻ (ഫയൽ ചിത്രം)

അമ്പലപ്പുഴ രാജഗോപാൽ

കർക്കടക അമാവാസിനാളിലെ പിതൃബലി. പിതൃസ്മൃതിയുടെ മുഹൂർത്തം. വ്രതനിബദ്ധമായ ആചാരാനുഷ്ഠാനമാണ് പിതൃതർപ്പണം. ആത്മശുദ്ധിയോടെ ഉത്തമഹൃദയബന്ധത്തോടെ ചെയ്യേണ്ട മഹനീയ കർമ്മമായ പിതൃബലി മൺമറഞ്ഞ പൂർവസൂരികളോടുള്ള കടപ്പാടും ഭക്തിയും പ്രകടമാക്കുന്നതാണ്. തൃപ്തി നൽകാൻ അർപ്പിക്കുന്നതാണ് തർപ്പണം. ശ്രദ്ധാപൂർവമർപ്പിക്കുന്നത് ശ്രാദ്ധവും.

ജീവിത മായയിൽനിന്നും വേർപെട്ട് ദൈവിക സന്നിധിയിലെത്തിയ ആത്മാക്കളെ പ്രതിദിനം ഭക്ഷണ മൂട്ടുകയാണ് നാമിവിടെ.

ദേവന്മാരോടൊപ്പമുള്ള പിതൃക്കൾക്കും ദേവന്മാർക്കെന്നപോലെ, മനുഷ്യരുടെ 'ഒരു വർഷം', 'ഒരു ദിവസ' മാണ്. അതുകൊണ്ടാണ് വർഷത്തിലൊരിക്കൽ മനുഷ്യർ നടത്തുന്ന ശ്രാദ്ധമൂട്ട് പിതൃക്കൾക്ക് ദിനംപ്രതിയുള്ള അന്നം ഊട്ടലായി ഭവിക്കുന്നത്.

ഭൗതികജീവിയായ മനുഷ്യൻ പഞ്ചമഹായജ്ഞങ്ങൾക്ക് വിധേയമായ ജീവിതമാണ് നയിക്കേണ്ടത്. ബ്രഹ്മയജ്ഞം, ദേവയജ്ഞം, പിതൃയജ്ഞം, മനുഷ്യയജ്ഞം, ഭൂതയജ്ഞം എന്നിവയിൽ ശ്രേഷ്ഠമേറിയതാണ് പിതൃയജ്ഞം. ധന - ധാന്യ- സമ്പദ് സമൃദ്ധികൾ ധർമ്മാനുസരണാർത്ഥമായി ഈശ്വരനിൽ സമർപ്പിക്കുകയാണ് പഞ്ചമഹായജ്ഞൻ.

ജീവിതം തങ്ങൾക്കുവേണ്ടി സമർപ്പിച്ച് കർമ്മനിഷ്ഠവും ശ്രേഷ്ഠവുമായ പാതകളിലൂടെ അന്നവും അറിവും പകർന്ന് പിതൃലോകത്തിലെത്തിയ ബന്ധങ്ങളെ ബലിതർപ്പണാദികൾകൊണ്ട് തൃപ്തിപ്പെടുത്തുന്നത് അനന്തര തലമുറകളുടെ കടമയാണ്. പിതൃക്കൾക്ക് പ്രീതി വരുത്തുന്നതിലൂടെയാണ് തലമുറകൾക്ക് മേൽഗതി കൈവരുന്നത്.

"പുന്നാമമാകും നരകത്തിൽ നിന്നുടൻ തന്നുടെ താതനെത്രാണനം ചെയ്കയാൽ പുത്രനെന്നുള്ളശബ്ദം വിധിച്ച് ശതപത്രസമുദ്ഭവനെന്ന മറികനീ."

പുന്നാകമാകുന്ന നരകത്തിൽ നിന്ന് പിതൃക്കളെ ത്രാണനം ചെയ്യുന്നവനാണ് പുത്രൻ. പിതൃബലി ചെയ്യാത്തവൻ പുത്രനല്ല. പിതൃക്കൾക്ക് പുത്രർ ചെയ്യേണ്ട പ്രധാന യജ്ഞമാണ് പിതൃപൂജ. ജീവിച്ചിരിക്കുമ്പോൾ ചെയ്യുന്ന (മനസുകൊണ്ടും പ്രവൃത്തികൊണ്ടും) പിതൃപൂജപോലെ മരണാനന്തരം ചെയ്യുന്ന പിതൃപൂജയാണ് പിതൃബലി. അത്രി മഹർഷിയുടെ വംശപരമ്പരയിൽ പെട്ട 'നിമി ' എന്ന താപസനാണ് ശ്രാദ്ധമൂട്ടിത്തുടങ്ങിയതെന്നാണ് വിശ്വാസം .

"അന്നവസ്ത്രാദിമുട്ടാതെ തന്നുരക്ഷിക്കുന്ന" ഭഗവാനെയെന്നപോലെ ജീവിതാരംഭംമുതൽ വേണ്ടതെല്ലാം തന്ന് നമ്മെ പരിപാലിച്ചുപോന്ന മാതൃപിതൃ ജനങ്ങൾ, ദേവപിതൃക്കൾ, മഹർഷീശ്വരന്മാർ പിതൃജനങ്ങൾ പിതാമഹന്മാർ എന്നിവർക്കെല്ലാം അന്നം കൊണ്ടോ ജലം കൊണ്ടോ പുഷ്പം കൊണ്ടോ തർപ്പണം ചെയ്ത് പ്രീതി സമ്പാദിക്കേണ്ടത് നമ്മുടെ കടമയാണ്. കൃതജ്ഞതാനിർഭരമായ ഈ കർത്തവ്യം മനുഷ്യബന്ധങ്ങളുടെ ഊട്ടുംപാവും ചിത്രീകരിക്കുന്നതു കൂടിയാണ്. ദേവഗണങ്ങൾക്ക് നൽകുന്ന നൈവേദ്യത്തിനെ 'ഹവിസ്' എന്നും മനുഷ്യഗണത്തിൽപെടുന്നവർക്ക് നൽകുന്നതിനെ 'ഹവ്യം' എന്നും അറിയപ്പെടുന്നു.

തലേന്നാൾ ബ്രാഹ്മ മുഹൂർത്തത്തിനുണർന്ന് കുളിച്ച് ശുദ്ധമായ വസ്ത്രങ്ങൾ ധരിച്ച് ക്ഷേത്രദർശനം കഴിച്ച് ആചമനാദികൾക്കുശേഷം പിതൃസ്മരണയോടെ, ഈശ്വരാരാധനയോടെ ലഘുഭക്ഷണവുമായി കഴിഞ്ഞുകൂട്ടുന്ന വ്രതാനുഷ്ഠാനി, അടുത്തദിവസം ബലിദിനത്തിൽ സ്നാനാദികൾക്കുശേഷം ജലസാമീപ്യമുള്ള സ്ഥലങ്ങളിൽ നനഞ്ഞവസ്ത്രത്തോടുകൂടിത്തന്നെ ബലിതർപ്പണം നടത്തണമെന്നാണ്. കറുത്തവാവാണ് പിതൃബലിക്ക് ശ്രേഷ്ഠമായതെന്നാണ്, ശാസ്ത്രം. വിശേഷിച്ചും കർക്കടകത്തിലെ കറുത്തവാവ്.

രാമായണമുൾപ്പെടെയുള്ള പുരാണഗ്രന്ഥങ്ങളിലെല്ലാം പല സന്ദർഭങ്ങളിൽ പിതൃതർപ്പണ സൂചകങ്ങളുണ്ട്.

അവിടെയെല്ലാം അത് എത്രമാത്രം ഭക്തിയോടെ-ഹൃദയശുദ്ധിയോടെയാണ് അനുഷ്ഠിക്കുന്നതെന്ന് നമുക്ക് കാണിച്ചുതരുന്നുമുണ്ട്. പിതൃദേവന്മാരെന്താണ് പറയുക. അർപ്പണീയമായ തർപ്പണമാണ് വേണ്ടത്.

'പിതൃകടം, തീർത്താൽ തീരാത്തതാണ്. ജീവിച്ചിരിക്കുമ്പോൾ കൃതഘ്നത വെടിഞ്ഞ്, സ്നേഹിക്കുകയും മരണാനന്തരം കൃതജ്ഞതാനിർഭരമായി അനുസ്മരിക്കുകയും ചെയ്യുകയെന്നതാണ് ജീവിതധർമ്മം. 'മാതാപിതാഗുരു ദൈവ, മെന്നാണ്. ഹൃദയബന്ധങ്ങളെല്ലാം ഈശ്വരസാമീപ്യമുള്ളവയാണ്. ബന്ധങ്ങളിലെ വിമലതയാണ് സ്മൃതിപൂർണമാകുന്നത്. മാതാപിതാക്കളെന്നല്ല, ബന്ധുമിത്രാദികളോടും നാം യഥാവിധി ജീവിച്ചിരിക്കുമ്പോൾ കടമ നിർവഹിക്കുന്നതുപോലെയാണ് പിന്നീട് പിതൃക്കളോട് നാം ബലിതർപ്പണത്തിലൂടെ കടം വീട്ടുന്നതും.

കർക്കടകം പിതൃക്കളുടെ ഇഹലോക സഞ്ചാരവേളയെന്നു പറയാറുണ്ട്. ദേവതകളെക്കാൾ പ്രാധാന്യമാണ് പിതൃക്കൾക്ക് എന്നൊരു ചൊല്ലുതന്നെയുണ്ട്! അത്രമാത്രം പിതൃസ്മൃതി ആദരിക്കപ്പെടേണ്ടതാണ് എന്നു സാരം. കുരുക്ഷേത്രത്തിൽ ശരശയ്യയിലുള്ള ഭീഷ്മപിതാമഹൻ ധർമ്മപുത്രരുടെ ചോദ്യത്തിനുത്തരമായി പറയുന്നു: 'ശ്രാദ്ധ കാലത്ത് ഞാൻ അച്ഛന് നൽകാനായി പിണ്ഡമെടുത്തു. അച്ഛനോ, ഭൂമി പിളർന്ന് എന്റെ നേരെ കൈനീട്ടി. ആ കൈകൾ ഞാൻ പണ്ടുകണ്ടതുപോലെതന്നെ; ഹസ്താഭരണവും കേയൂരവുമണിഞ്ഞ മനോഹരമായ കരങ്ങൾ! കല്പത്തിൽ ഈ വിധിയില്ലല്ലോ എന്ന് ചിന്തിച്ച് ഞാൻ ദർഭയിൽത്തന്നെ ആ പിണ്ഡം അർപ്പിച്ചു. തുടർന്ന് പ്രസന്നവദനനായ അച്ഛൻ "മകനേ, നിന്നാൽ ഞാൻ ഇഹപരങ്ങളിൽ സംതൃപ്തനായി. നിന്നെ പരീക്ഷിക്കുന്നതിനാണ് ഞാൻ കൈകൾ നീട്ടിയത്........." എന്നിങ്ങനെ.

പൂർവജന്മകൃതം കൊണ്ടുള്ള ഭാഗ്യനിർഭാഗ്യങ്ങൾക്ക് വിധേയനായ മനുഷ്യൻ പൂർവികരെ സ്മരിക്കുന്നതും അവർക്കുവേണ്ടി തർപ്പണാദികൾ ചെയ്യുന്നതും കർമ്മപരിപാകങ്ങളുടെ ഭാഗമാണ്. ഭൗതികമെന്ന സാധാരണത്വത്തിൽനിന്നും ആത്മീയധന്യതയെന്ന അസാധാരണത്വത്തിലേക്കുള്ള മനുഷ്യജീവിതത്തിന് ഈവിധ ആചരണങ്ങൾ കൂടിയേ കഴിയൂ.

ഇന്ന് കർക്കടക വാവ്

പിതൃമോക്ഷത്തിനായി ഭക്തലക്ഷങ്ങൾ ഇന്ന് ബലിതർപ്പണം നടത്തും

കലൈഞ്ജരും പോയി

ഇനി പുതിയ പോർമുഖം

കോവളം സതീഷ്കുമാർ

ദ്രാവിഡ രാഷ്ട്രീയത്തിന്റെ കാരണവർ കരുണാനിധി പോയി. ഇനി തമിഴ്നാട് രാഷ്ട്രീയത്തിന്റെ ഗതിമാറിത്തുടങ്ങും.ഡി.എം.കെയിൽ ആഭ്യന്തര കലാപത്തിനും അരങ്ങൊരുങ്ങിയിരിക്കുയാണിപ്പോൾ. ഒരേ സമയം പാർട്ടിയിലെ ഐക്യം സൂക്ഷിക്കുന്നതോടൊപ്പം സർക്കാരിനെതിരെ പോർമുഖം തുറക്കുകയും ചെയ്യുക എന്നതാണ് ഡി.എം.കെ നേരിടുന്ന വെല്ലുവിളി.

കരുണാനിധിക്ക് മറീന ബീച്ചിൽ അന്ത്യവിശ്രമ സ്ഥലം ഒരുക്കുന്നതിനെ സർക്കാർ എതിർത്തതോടെ അണ്ണാ ഡി.എം.കെയോടുള്ള പക ഡി.എം.കെ വീണ്ടെടുത്തു. ഹൈക്കോടതി വിധി അനുകൂലമായതോടെ കലൈഞ്ജർ അവസാനയാത്രയിൽ തന്നെ അണ്ണാ ഡി.എം.കെയെ തോൽപ്പിച്ചുവെന്ന് പ്രവർത്തകർ വിളിച്ചു പറയുകയും ചെയ്തു. ഈ വിഷയത്തിൽ സർക്കാരിനെതിരായി ഉണ്ടായ പൊതുജന വികാരത്തിന്റെ ഗുണഫലം ഡി.എം.കെയ്ക്ക് ലഭിക്കുമോ എന്ന് കാത്തിരുന്നു കാണണം.

കരുണാനിധി

സ്റ്റാലിൻ

കനിമൊഴി

അഴഗിരി

തന്റെ പിൻഗാമിയായി മകൻ സ്റ്റാലിനെ വാഴിച്ചിട്ടാണ് കരുണാനിധി പോയത്. കരുണാനിധി അദ്ധ്യക്ഷപദവിയിലായിരിക്കെ തന്നെ സ്റ്റാലിൻ വർക്കിംഗ് പ്രസിഡന്റായി. പിതാവ് രോഗശയ്യയിലായപ്പോൾ കാര്യങ്ങളെല്ലാം നിയന്ത്രിച്ചിരുന്നത് സ്റ്റാലിനായിരുന്നു. ഇപ്പോഴത്തെ പാർട്ടി സംവിധാനത്തിൽ സ്റ്റാലിൻ അടുത്ത പ്രസിഡന്റാകും. എന്നാൽ ഡി.എം.കെയ്ക്ക് അപ്പുറത്ത് ജനപ്രീതി സ്റ്റാലിന് ഇല്ല.

എന്നാൽ, പിതാവ് ജീവിച്ചിരിക്കെ തന്നെ കലാപത്തിനു കോപ്പു കൂട്ടിയ, സ്റ്റാലിന്റെ മൂത്ത സഹോദരൻ എം.കെ.അഴിഗിരിയുടെ പുതിയ നീക്കങ്ങൾ നിർണായകമാകും. ആറു മാസത്തിനകം സജീവ രാഷ്ട്രീയത്തിലേക്കു തിരിച്ചുവരുമെന്ന് രണ്ടാഴ്ച മുമ്പ് അദ്ദേഹം പ്രഖ്യാപിച്ചിരുന്നു. കാവേരി ആശുപത്രിയിൽ കലൈഞ്ജരെ പ്രവേശിപ്പിച്ചപ്പോൾ മിക്കവാറും എല്ലാദിവസവും എത്തിയിരുന്നു.

രാജ്യസഭാംഗമായ കനിമൊഴിയാണ് മറ്റൊരു അധികാര കേന്ദ്രം. എന്നാൽ ഇതുവരെ സ്റ്റാലിന്റെ നേതൃത്വം അംഗീകരിച്ചാണ് കനിമൊഴി പ്രവർത്തിച്ചത്. മകൻ ഉദയനിധി മാരനെ നേതൃത്വത്തിലേക്കു കൊണ്ടുവരാനുള്ള സ്റ്റാലിന്റെ ശ്രമങ്ങൾക്കെതിരെ ചെറുതല്ലാത്ത മുറുമുറുപ്പ് പാർട്ടിക്കുള്ളിൽ ഇപ്പോഴുണ്ട്.

സ്റ്റാലിന്റെ വഴി

അച്ഛനെപ്പോലെ, 14ാം വയസിൽ രാഷ്ട്രീയത്തിലിറങ്ങി. അടിയന്തരാവസ്ഥക്കാലത്ത് മിസ പ്രകാരം ജയിലിലായി ക്രൂര പീഡനത്തിനിരയായ മകനോടുള്ള പിതാവിന്റെ വാത്സല്യവും സ്റ്റാലിനു തുണയായി. എം.എൽ.എയും ചെന്നൈ മേയറും മന്ത്രിയും ഉപമുഖ്യമന്ത്രിയും കഴിഞ്ഞ വർഷം ജനുവരിയിൽ വർക്കിംഗ് പ്രസിഡന്റുമായി .യുവത്വത്തിൽ കൂടെയുണ്ടായിരുന്ന ചീത്തപ്പേര് മാറ്റി വികസന നായകനെന്ന പ്രതിച്ഛായ നിർമ്മിക്കാനുള്ള ശ്രമം നടക്കുന്നു.

അഴഗിരിയുടെ വഴി

വെട്ടൊന്ന് മുറി രണ്ടെന്നാണ് അഴഗിരിശൈലി. മക്കൾക്കിടയിൽ തർക്കം ഉണ്ടായപ്പോൾ തന്നെ കരുണാനിധി അഴഗിരിയെ മധുരയിലേക്കു മാറ്റി. തെക്കൻ തമിഴ്നാട്ടിലെ ഡി.എം.കെയെന്നാൽ അതോടെ, അഴഗിരിയായി. പിതാവിനു ശേഷം പ്രസിഡന്റ് പദവിയെന്ന മോഹം അഴഗിരി ഉപേക്ഷിച്ചില്ല. മോഹം അതിരുകടന്നപ്പോൾ 2000ത്തിൽ പാർട്ടിയിൽ നിന്നു സസ്പെൻഷനിലായി. തിരിച്ചെത്തി 2008ൽ മൂന്നു ഉപതിരഞ്ഞെടുപ്പുകളിലെ മിന്നുന്ന വിജയത്തിനു ചരടു വലിച്ചതിനുള്ള സമ്മാനമായി തെക്കൻ ജില്ലകളിലെ ഓർഗനൈസിംഗ് സെക്രട്ടറി സ്ഥാനമെത്തി. സ്റ്റാലിൻ ചെന്നൈയിലും അഴഗിരി ഡൽഹിയിലുമെന്ന ഫോർമുലയുടെ ഭാഗമായി മധുരയിൽ നിന്നു പാർലമെന്റിലേക്കു ജയിപ്പിച്ച് കേന്ദ്രത്തിൽ മന്ത്രിയാക്കി.

പോര് ആളികത്തിയത്

കരുണാനിധിയുടെ സഹോദര പുത്രൻ മുരശൊലി മാരന്റെ മക്കളുടെ നേതൃത്വത്തിലുള്ള ദിനകരൻ പത്രം ഒരു സർവേനടത്തി. കരുണാനിധിയുടെ പിൻഗാമിയാരാകണമെന്ന ചോദ്യത്തിന് 70 ശതമാനം പേർ നൽകിയ ഉത്തരം സ്റ്റാലിൻ.ഫലം പ്രസിദ്ധീകരിച്ച ദിവസം അഴഗിരി അനുകൂലികൾ മധുരയിലെ പത്രം ഓഫീസ് കത്തിച്ചു. അച്ചടക്ക ലംഘനത്തിന്റെ പേരിൽ 2014ൽ അഴഗിരി പാർട്ടിക്കു പുറത്ത്.

ചേരിചേരാനയമായി കനിമൊഴി

കരുണാനിധിയുടെ മൂന്നാം ഭാര്യ രാജാത്തിയമ്മാളിന്റെ ഏക മകൾ . 2007 മുതൽ രാജ്യസഭാംഗം.അർദ്ധ സഹോദരന്മാരുടെ പോരിൽ ചേരിചേരാ നയം സ്വീകരിക്കുന്ന അവരുടെ നിലപാടിനു ഇനി പ്രസക്തിയേറും.പിതാവിന്റെ കലാ സാഹിത്യ പ്രവർത്തനങ്ങളുടെ നേരവകാശിയായ മകൾ കനിമൊഴിക്ക് പാർട്ടിക്കപ്പുറത്തും സ്വാധീനം ഉണ്ട്.

ദ്രാവിഡരാഷ്ട്രീയം കുഴഞ്ഞു മറിയുന്നതിങ്ങനെ

ആദ്യം ജയലളിത. ഇപ്പോൾ കരുണാനിധി. രണ്ടു വർഷത്തിനുള്ളിൽ കടപുഴകിയത് ദ്രാവിഡ രാഷ്ട്രീയത്തിലെ രണ്ട് വൻമരങ്ങൾ. ഇനി ശേഷിക്കുന്നവരിൽ മഹാപ്രതിഭകൾ എന്ന് വിശേഷിപ്പിക്കുന്നവരാരും ഇല്ല. അതുകൊണ്ടുകൂടി ഇനിയുള്ള തമിഴ്നാട് രാഷ്ട്രീയത്തിന്റെ നിർണായക നാളുകളായിരിക്കും. ഒന്നു കലങ്ങി തെളിയാൻ അടുത്ത നിയമസഭാ തിരഞ്ഞെടുപ്പ് വരെ കാത്തിരിക്കേണ്ടി വരും. വരുന്ന ലോക് സഭാ തിരഞ്ഞെടുപ്പ് അതിലേക്ക് വിരൽ ചൂണ്ടുന്നതാകുമെന്നാണ് രാഷ്ട്രീയ നിരീക്ഷകർ പറയുന്നത്.

ജയലളിത മുന്നിൽ നിന്നു നയിച്ചതുകൊണ്ടാണ് അണ്ണാ ഡി.എം.കെയ്ക്ക് അധികാരം ലഭിച്ചത്. ഏറെ ചോദ്യങ്ങൾ തമിഴ്മക്കളുടെ മനസിൽ ഉയർത്തി ജയലളിത മരണത്തിനു കീഴടങ്ങിയ ശേഷം പാർട്ടി മൂന്നായി മാറിയിരിക്കുകയാണ്. അതിൽ ഒ. പന്നീർശെൽവം, എടപ്പാടി പളനിസ്വാമി വിഭാഗങ്ങൾ ഒന്നിച്ചു നിന്ന് ഭരണം മുന്നോട്ടു കൊണ്ടു പോകുന്നു. പുറത്ത് ശക്തനായ ദിനകരൻ നിലയുറപ്പിച്ചിട്ടുണ്ട്. പനീർശെൽവവും പളനിസ്വാമിയും നല്ല രമ്യതയില്ല മുന്നോട്ടു പോകുന്നതും. അടുത്ത തിരഞ്ഞെടുപ്പിൽ അണ്ണാ ഡി.എം.കെയ്ക്ക് എന്തു സംഭവിക്കുമെന്ന് ഇപ്പോൾ പ്രവചിക്കാൻ പറ്റില്ല. പക്ഷേ ഈ അനുകൂല അവസ്ഥ മുതലാക്കുന്നതിൽ ഡി.എം.കെ ഇതുവരെ പരാജയമായിരുന്നു.

ദേശീയ രാഷ്ടീയത്തിന്റെ കണ്ണുകൾ എപ്പോഴും തമിഴ്നാടിന്റെ മേലുണ്ട്. എന്നാൽ ദ്രാവിഡ രാഷ്ട്രീയം ശക്തമായതിനെ തുടർന്ന് അവരുടെ സഖ്യകക്ഷികളായല്ലാതെ ഒറ്റയ്ക്ക് കാര്യമായ നേട്ടമുണ്ടാക്കാൻ കോൺഗ്രസിനോ ബി.ജെ.പിക്കോ കഴിഞ്ഞിട്ടില്ല. ഇപ്പോൾ എല്ലാം കലങ്ങിത്തുടങ്ങിയിരിക്കുകാണ് ഇപ്പോൾ. രാഷ്ട്രീയത്തിലിറങ്ങിയ സൂപ്പർതാരങ്ങളായ രജനികാന്തും കമലഹാസനും രാഷ്ട്രീയത്തിൽ വേരോടിക്കാനുള്ള സുവർണാവസരമായിട്ടാകും ഈ അവസരത്തെ കാണുക. ഒപ്പം കോൺഗ്രസും ബി.ജെ.പിയും

ബി.ജെ.പിയുടെ അടവ്നയം

ഒരു തരത്തിൽ അടവുനയമാണ് ബി.ജെ.പി തമിഴ്നാട്ടിൽ പയറ്റുന്നത്. രണ്ട് ദ്രാവിഡ പാർട്ടികളോടും ബന്ധം പുലർത്തിയിട്ടുള്ള ബി.ജെ.പി കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ ഒറ്റയ്ക്കാണ് മത്സരിച്ചത്. ജയലളിതയുടെ മരണശേഷം അണ്ണാ ഡി.എം.കെയുമായി അടുപ്പം സൂക്ഷിക്കുന്നു. മറീന ബീച്ചിൽ സംസ്കാര സ്ഥലം ലഭിക്കാതെയായപ്പോൾ സർക്കാർ തീരുമാനത്തിൽ കേന്ദ്രത്തിനും പങ്കുണ്ടെന്ന തരത്തിൽ സ്റ്റാലിൻ സംസാരിച്ചിരുന്നു.

കോൺഗ്രസിന്റെ ലക്ഷ്യം പ്രതാപം വീണ്ടെടുക്കൽ മുമ്പ് തമിഴ്നാട് ഭരിച്ച കോൺഗ്രസ് ആ പ്രതാപത്തിലേക്ക് ഉടനെയൊന്നും തിരിച്ചു കയറുമെന്ന വിശ്വാസം ദേശീയ നേതൃത്വത്തിനു പോലും ഇല്ല. എന്നാൽ നേട്ടം ഉണ്ടാക്കാൻ ഇത് അനുകൂലമാണെന്ന് നേതൃത്വം തിരിച്ചറിയുകയും ചെയ്യുന്നു. തമിഴ്നാട്ടിൽ ഡി.എം.കെയുടെ സംഖ്യകക്ഷിയാണ് കോൺഗ്രസ്. പുതിയ സാഹചര്യം ലോകസഭാ തിരഞ്ഞെടുപ്പിൽ നേട്ടമാകുമെന്ന പ്രതീക്ഷയിലാണ് പാർട്ടി.

കരുണാനിധിക്ക് മറീന ബീച്ചിൽ അന്ത്യവിശ്രമ സ്ഥലം ഒരുക്കുന്നതിനെ സർക്കാർ എതിർത്തതോടെ അണ്ണാ ഡി.എം.കെയോടുള്ള പക ഡി.എം.കെ വീണ്ടെടുത്തു. ഹൈക്കോടതി വിധി അനുകൂലമായതോടെ കലൈഞ്ജർ അവസാനയാത്രയിൽ തന്നെ അണ്ണാ ഡി.എം.കെയെ തോൽപ്പിച്ചുവെന്ന് പ്രവർത്തകർ വിളിച്ചു പറയുകയും ചെയ്തു

രജനിയും കമലും രാഷ്ട്രീയനിറവും

സിനിമയിൽ നിന്ന് രാഷ്ട്രീയത്തിൽ ചുവടുവച്ച സൂപ്പർതാരങ്ങളായ രജനികാന്തിനെയും കമലഹാസനേയുമാണ് ഇപ്പോൾ തമിഴ്നാട് ഉറ്റുനോക്കുന്നത്. കലൈഞ്ജർക്ക് അന്തിമോപചാരമർപ്പിക്കാൻ രണ്ടു പേരും ധരിച്ചുവന്ന വസ്ത്രത്തിൽ പോലും രാഷ്ട്രീയം ഉണ്ടെന്നാണ് സംസാരം. രജനി വെളുപ്പും കമൽ കറുപ്പും നിറങ്ങളിലുള്ള ഷർട്ടാണ് ധരിച്ചെത്തിയത്. ബി.ജെ.പി വിരുദ്ധ രാഷ്ട്രീയമാണ് കമലിന്റേത്. രജനിക്ക് ബി.ജെ.പി ദേശീയ നേതൃത്വവുമായി അടുപ്പമുണ്ടെന്ന ആരോപണം ഇതുവരെ അദ്ദേഹം തള്ളിയിട്ടുമില്ല. ഇരുവരും ഒന്നിക്കാനുള്ള സാദ്ധ്യത പോലും അണികൾ കൽപ്പിക്കുന്നുമുണ്ട്. അത്തരത്തിൽ ഒരിക്കൽ കമലഹാസൻ സംസാരിക്കുകയും ചെയ്തു.